പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4444 | 22-07-2015 – ൽ മറുപടിയ്ക്ക്

## പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുന്നപ്ര മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി NFDB പദ്ധതിയിൽ ഉൾപ്പെടുത്തി 16/03/2013-ൽ 247 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിക്കുകയും കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തി ട്ടുണ്ട്. |
| ബി) | ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ലേലത്തിലാണോ നൽകുന്നത് ; 2011-2012 മുതൽ 2014-2015 വരെ ഓരോ വർഷവും എന്തു തുകയ്ക്കാണ് ലേലം നൽകിയതെന്നും ആരാണ് ലേലം പിടിച്ചതെന്നും വ്യക്തമാക്കാമോ; | ബി) | പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ലേലം നടത്തി ടോൾ കളക്ഷനിലൂടെയാണ് നടപ്പാക്കുന്നത്. |

| വർഷം | തുക | കരാർ എടുത്ത വ്യക്തിയുടെ പേര് |
|---|---|---|
| 2011-12 | 1,50,000 | രാമകൃഷ്ണൻ കൊഴിവീട്, പുന്നപ്ര |
| 2012-13 | 20,660/- രൂപ (കരാർ ആനുപാതികമായി നീട്ടി നൽകി) | രാമകൃഷ്ണൻ കൊഴിവീട്, പുന്നപ്ര |
| 2012-13 | 6,15,000/- | ബാബു, കു ണ്ടത്തിൽ വീട്, പുന്നപ്ര |
| 2013-14 | 2,16,500/- രൂപ (കരാർ ആനുപാതികമായി നീട്ടി നൽ കി) | ബാബു, കുണ്ടത്തിൽ വീട്, പുന്നപ്ര |

<table>
<tr><td></td><td></td><td></td><td><table>
<tr><td>2013-14</td><td>7,15,090/-</td><td>ലിജി. ഡി,<br>കണ്ട ശ്ശേരിൽ വീട്,<br>വട്ടച്ചാൽ,<br>ആറാട്ടുപുഴ</td></tr>
<tr><td>2014-15</td><td>ഇല്ല</td><td>ക്വട്ടേഷൻ ക്ഷണിച്ചുവെങ്കിലും മത്സ്യവള്ളങ്ങൾ ഇല്ലാത്തതിനാൽ കരാർ ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല</td></tr>
</table></td></tr>
<tr><td>സി)</td><td>ലേല നടപടികൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കാറുണ്ടോ ; ലേലം നടന്നില്ലെങ്കിൽ ഇവിടെ പകരം ക്രമീകരണം എങ്ങനെയാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;</td><td>സി)</td><td>ടോൾ കളക്ഷൻ സംബന്ധിച്ച ലേല പരസ്യവും തീയതിയും പുന്നപ്ര പഞ്ചായത്തിനെയും സമീപ പ്രദേശത്തെ മറ്റ് എല്ലാ പഞ്ചായത്തുകളെയും സമീപത്തെ സർക്കാർ ഓഫീസുകളിൽ പരസ്യം നൽകിയും പത്രപരസ്യം നൽകിയുമാണ് ലേല നടപടികൾ നടത്തുന്നത്. ലേലം നടന്നില്ലെങ്കിൽ നിലവിലുള്ള കരാറുകാരന് കരാർ സമയം ദീർഘിപ്പിച്ചു നൽകും. കരാറുകാരൻ ദീർഘിപ്പിച്ച കരാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്ത പക്ഷം ഫിഷ്ലാന്റിംഗ് സെന്ററിൽ വ്യവഹാരമുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റ് ടോൾ പിരിവും പ്രവർത്തനവും നടത്താറുണ്ട്.</td></tr>
<tr><td>ഡി)</td><td>സൈക്കിൾ, സ്കൂട്ടർ, മുച്ചക്ര വാഹനം, ഹെവി വെഹിക്കിൾ എന്നിവയ്ക്ക് ഫിഷ് ലാന്റിംഗ് സെന്ററിൽ ചാർജ് ഈടാക്കാറുണ്ടോ ; എങ്കിൽ ഇവയുടെ നിരക്കെത്രയാണ് ; വ്യക്തമാക്കാമോ ;</td><td>ഡി)</td><td>സൈക്കിൾ, സ്കൂട്ടർ, മുച്ചക്രവാഹനം, ഹെവി വെഹിക്കിൾ എന്നിവയ്ക്ക് ചാർജ്ജ് ഈടാക്കാറുണ്ട്.<br>നിലവിലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു<table>
<tr><td>സൈക്കിൾ</td><td>3 രൂപ</td></tr>
<tr><td>സ്കൂട്ടർ</td><td>6 രൂപ</td></tr>
<tr><td>മുച്ചക്രവാഹനം</td><td>11 രൂപ</td></tr>
<tr><td>ഹെവി വെഹിക്കിൾ സാധാരണ</td><td>33 രൂപ</td></tr>
<tr><td>ഹെവി വഹിക്കിൾ മീൻ ലോഡോടു കൂടി</td><td>80 രൂപ</td></tr>
<tr><td>ഹെവി വെഹിക്കിൾ മീൻ ലോഡോടു കൂടി (ചെമ്മീൻ)</td><td>500 രൂപ</td></tr>
</table>എന്നാൽ സൈക്കിൾ, സ്കൂട്ടർ എന്നിവയിൽ നിന്നും പലപ്പോഴും പ്രാദേശിക വിഷയങ്ങൾ കാരണം കരാറുകാർ പിരിവ് നടത്താറില്ല.</td></tr>
<tr><td>ഇ)</td><td>ഇവിടെ പ്രവർത്തനയോഗ്യമായ എത്ര മുറികൾ ഉണ്ടെന്നും പ്രസ്തുത മുറികൾ എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ; മുറികളുടെ വാടക എത്ര രൂപയാണ് ;</td><td>ഇ)</td><td>ഇവിടെ പ്രവർത്തന യോഗ്യമായ 9 ലോക്കർ മുറികളുണ്ട്. ഇത് മത്സ്യതൊഴിലാളികളുടെ മത്സ്യ ബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇതിന്റെ വാടക ക്വട്ടേഷൻ/ലേല വ്യവസ്ഥയിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നതനുസരിച്ച് ഓരോ മുറിയും അനുവദിക്കുന്നതാണ്.</td></tr>
</table>

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത മുറികൾ ഇപ്പോൾ ആരെല്ലാണാണ് കൈവശം വച്ചിരിക്കുന്നത് ; വ്യക്തമാക്കാമോ ; | എഫ്) | പ്രസ്തുത മുറികൾ ഏറ്റെടുത്ത വ്യക്തി കളുടെ സമയപരിധി അവസാനിച്ചതിനാൽ 10/04/2014 ലും 06/04/2015 ലും ക്വട്ടേഷൻ/ ലേലം ക്ഷണിച്ചുവെങ്കിലും മത്സ്യവ്യാപാരം തീരെ കുറവായതിനാൽ ആരുംതന്നെ പങ്കെടുത്തില്ല. പുനർലേലം നടത്തുന്നതിനു വേണ്ട നടപടി കൈക്കൊണ്ടുവരുന്നു. |
| ജി) | ഇവിടെ കാന്റീൻ പ്രവർത്തനം ആരംഭിക്കുമോ ; ഇതിനായി കുടുംബശ്രീയെ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | ജി) | NFDB-യിൽ നടപ്പാക്കിവരുന്ന പുനരു ദ്ധാരണ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം കാന്റീൻ ബിൽഡിംഗ് നവീകരിച്ച് കുടുംബശ്രീയോ അതുപോലെയുള്ള സംഘടനകൾ മുഖാന്തിരമോ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**